LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

30 (695) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡ്യൂട്ടി ഡി.എം.ഒ. /അസിസ്റ്റന്റ് ഡയറക്ടർ, ജൂനിയർ എ.എം.ഒ., സ്റ്റോർ സൂപ്രണ്ട്, സീനിയർ കൺസൾട്ടന്റ് എന്നിവയ്ക്കായി ആരോഗ്യ വകുപ്പ് അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണവും ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണവും എത്ര വീതമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

	അനുവദിക്കപ്പെട്ടത്	ഇപ്പോൾ ജോലി ചെയ്യുന്നവർ
ഡെപ്യൂട്ടി ഡി.എം.ഒ./അസിസ്റ്റന്റ് ഡയറക്ടർ	152	127
ജൂനിയർ എ.എം.ഒ.	35	28
സീനിയർ കൺസൾട്ടന്റ്	50	24
സ്റ്റോർ സൂപ്രണ്ട്	52	44

ലേസർ ലൈറ്റുകളുടെ വ്യാപക ഉപയോഗം

31 (696) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഘോഷവേളകളിലും വ്യാപാര സ്ഥാപനങ്ങളിലും അലങ്കാരത്തിനായി ലേസർ ലൈറ്റുകൾ വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ലൈറ്റുകൾ മനുഷ്യനേത്രങ്ങളിൽ നേരിട്ട് പതിക്കുന്നതുമൂലമുണ്ടാകുന്ന ദൃഷ്യവശങ്ങളെപ്പറ്റി ആരോഗ്യവകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) ഇല്ലെങ്കിൽ ഈ വിഷയത്തിൽ പഠനം നടത്താനും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച പഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ജൂസ് പാർലറുകളിൽ പരിശോധന

32 (697) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ ജൂസ് പാർലറുകളിൽ അടുത്തിടെ മിന്നൽ പരിശോധനകളോ റെയ്ഡോ നടത്തിയിട്ടുണ്ടോ ;

(ബി) ജൂസ് തയ്യാറാക്കുന്നതിനുള്ള പദാർത്ഥങ്ങൾ ശേഖരിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പരിശോധനാ ഫലം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജൂസ് പാർലറുകളിൽ വിവിധ നാമത്തിൽ വിവിധ രുചികളിൽ വിറ്റഴിക്കുന്ന ജൂസുകളിലെ ചേരുവകളുടെ നിർമ്മാണ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഇവയുടെ നിർമ്മാണ കേന്ദ്രങ്ങളിൽ കൂടെക്കൂടെ പരിശോധന നടത്താനും പരിസരത്തെ ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാനികരമായിട്ടുള്ളതൊന്നും കണ്ടെത്തിയിട്ടില്ല.

(സി&ഡി) ഇത്തരത്തിലുള്ള നിർമ്മാണ കേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. കർശന നടപടി എടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly